പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2653 6.12.2018 -ൽ മറുപടിയ്ക്ക്

## വിദേശ ടൂറിസ്റ്റുകളുടെ വരവ്

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | നിലവിൽ വിദേശ ടൂറിസ്റ്റുകളുടെ വരവ് മുൻവർഷത്തേക്കാൾ വർദ്ധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ; | എ) | 2018 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകളാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. ഈ കണക്കുകൾ 2017 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 1.6 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 2018 മെയ്, ജൂൺ ജൂലായ്, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ മുൻവർഷം ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ യഥാക്രമം -7.43, -16.56, -5.08, -18.46, -18.16 എന്ന നെഗറ്റീവ് വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിപ വൈറസ് ബാധയെ തുടർന്നുള്ള ഭീതിയും അതിന് ശേഷമുണ്ടായ പ്രളയവും ആണ് ഇതിനുള്ള കാരണങ്ങളായി വിലയിരുത്തിയിട്ടുള്ളത്. |
| ബി) | ഇതുമൂലം സാമ്പത്തിക മേഖലയിലും തൊഴിൽ മേഖലയിലും വന്ന ചേർന്നിട്ടുള്ള നഷ്ടം കണക്കാക്കിയിട്ടുണ്ടോ; | ബി) | വിനോദസഞ്ചാരമേഖലയിലെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷാടിസ്ഥാനത്തിലാണ്. 2018-ലെ വരുമാന കണക്കുകൾ 2019 ആദ്യപാദത്തിൽ മാത്രമേ തയ്യാറാകുകയുള്ളൂ. എന്നിരുന്നാലും 2018 സെപ്തംബർ മാസം വരെ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ 1.6% വർദ്ധനവിന് ആനുപാതികമായി വിനോദസഞ്ചാര രംഗത്ത് നിന്നുള്ള വരുമാനത്തിലും വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

(..2)

| | | | |
|---|---|---|---|
| സി) | ആയത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | സി) | ടൂറിസം വകുപ്പ് കൂടുതൽ ശക്തവും വിപുലവുമായ പ്രചാരണ പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആഭ്യന്തര- വിദേശ വിനോദ സഞ്ചാര മേഖലകളിൽ കൂടുതൽ ശക്തമായ സാന്നിധ്യം അറിയിക്കുന്നതിന് വേണ്ടി അച്ചടി മാധ്യമങ്ങൾ, വിമാനത്താവളങ്ങൾ തുടങ്ങി പൊതുജന സാന്നിധ്യം കൂടുതലുള്ള സ്ഥലങ്ങൾ, എന്നിവയിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. രാജ്യത്തും പുറത്തുമുള്ള വിവിധ നഗരങ്ങളിൽ പ്രധാനപ്പെട്ട വിപണന മേളകളിൽ പങ്കെടുക്കുക, ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കുക, തുടങ്ങിയ പരമ്പരാഗത വിപണന തന്ത്രങ്ങളിൽ ഏർപ്പെടുന്നതിനു പുറമെ സമൂഹ മാധ്യമങ്ങളിലൂടെ സജീവമായ പ്രചാരണ പരിപാടികളും ആവിഷ്കരിച്ച നടപ്പാക്കി വരുന്നു. ടൂർ ഓപ്പറേറ്റർമാർ, വിനോദ സഞ്ചാര മേഖലയിലെ എഴുത്തുകാർ, തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ തുടങ്ങി ടൂറിസം മേഖലയിൽ സ്വാധീനം ചെലുത്തുന്നവർക്കായി കേരളത്തെ പരിചയപ്പെടുത്തുന്നതിനായി ഫാം ടൂറുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിൽ സ്ഥാനം ഉറപ്പിക്കുവാനും കൂടുതൽ മുന്നേറുവാനുമായി "It's Time for Kerala" എന്ന പേരിൽ ഒരു ക്യാംപയിൻ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഫലമായി വരും വർഷങ്ങളിൽ കൂടുതൽ ആഭ്യന്തര/ വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. ഇതിലൂടെ കേരളത്തിന്റെ വിനോദ സഞ്ചാര മേഖലയിലുണ്ടായ നഷ്ടം പരിഹരിക്കാൻ സാധിക്കുമെന്ന പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**